**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4063 24.06.2019 -ലെ മറുപടിക്ക്**

**<u>അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തിരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ ചെയ്യുന്ന ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി പഞ്ചായത്തിലെ തേക്കിൻകാട് കോളനി, തിരുവില്ല്വാമല പഞ്ചായത്തിലെ ചോഴിയാംകോട് കോളനി എന്നീ പട്ടികജാതി കോളനികളിലെ വികസന പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | കോളനികളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ഇപ്രകാരമാണ്.<br>**<u>തേക്കിൻകാട് എസ്.സി.കോളനി</u>**<br>1. ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം, കുടിവെള്ള വിതരണ പദ്ധതി & ഫിൽട്രേഷൻ യൂണിറ്റ് -- വാട്ടർടാങ്ക് നിർമ്മാണത്തിനുള്ള സ്ഥല പരിമിതിമൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br>2. അംഗൻവാടി കെട്ടിടത്തിന്റെ അറ്റകുറ്റപണി - 75% പൂർത്തീകരിച്ചു.<br>3. റീട്ടെയിനിംഗ് വാൾ --70% പൂർത്തീകരിച്ചു<br>4. കോൺക്രീറ്റ് റോഡ്--75% പൂർത്തീകരിച്ചു.<br><br>**<u>ചോഴിയാംകോട് എസ്.സി.കോളനി</u>**<br><br>1) വാട്ടർടാങ്ക് നിർമ്മാണം & കുടിവെള്ള വിതരണ പൈപ്പ് ലൈൻ -- പൈപ്പ് ലൈൻ പ്രവൃത്തികൾ 30% പൂർത്തീകരിക്കുകയും വാട്ടർടാങ്ക് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.<br>2) കമ്മ്യൂണിറ്റി ഹാൾ കെട്ടിട നിർമ്മാണം-- സ്ഥലപരിമിതിയുള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>3) കോൺക്രീറ്റ് റോഡ് & സംരക്ഷണ ഭിത്തി - കുടിവെള്ള വിതരണത്തിന്റെ പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ആരംഭിക്കുന്നതാണ്<br>4) സോളാർ മിനി മാസ്റ്റ് ലൈറ്റ് -- പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ഈ കോളനികളിൽ നടക്കുന്ന വികസന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | തേക്കിൻകാട് കോളനിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വാട്ടർടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം ലഭിച്ചതിനുശേഷം മാത്രമേ പദ്ധതി ആരംഭിക്കാനാകുകയുള്ളൂ. ശേഷിക്കുന്ന പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിക്കുന്നതാണ്.<br>ചോഴിയാംകോട് കോളനിയിലെ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായാൽ ഈ സാമ്പത്തികവർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ